സ്വന്തം പുരയിടത്തിൽ മോഷണം നടന്നതിനെതിരെ ബി. സോമശേഖരൻ നായർ, തിരുവനന്തപുരം നൽകിയ കേസ്

132 [1688] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. സോമശേഖരൻ നായർ, ഭാസ്ക്കര വിലാസ്, വെള്ളായണി, നേമം പി.ഒ., തിരുവനന്തപുരം എന്നയാളിന്റെ പുരയിടത്തിൽ നിന്നും തേങ്ങ മോഷ്ടിച്ചത് സംബന്ധിച്ച് കിട്ടിയ പരാതിയുടെ അടിസ്ഥാനത്തിൽ 15-3-2001-ന് ഫോർട്ട് പോലീസ് സ്റ്റേഷനിലെ 98/2001 നമ്പരായി എടുത്ത എഫ്. ഐ. ആർ. അനുസരിച്ചുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത്;

(ബി) ഈ കേസിലെ പ്രതികൾ ആരെല്ലാം; അവരിൽ പോലീസ് ജീവനക്കാരാരെങ്കിലുമുണ്ടോ; എങ്കിൽ ആരെല്ലാം;

(സി) മോഷണക്കേസിൽപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥന്റെ മേൽ വകുപ്പുതല അന്വേഷണം നടത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ശ്രീ. ബി. സോമശേഖരൻ നായരുടെ വക തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ സർവെ നമ്പർ 3488/810 (റീ സർവേ 42)-ൽ ഇറക്കിയിരുന്ന രണ്ട് ലോറി പാറ നാണുക്കുട്ടൻ നായർ മുതൽ പേർ മോഷ്ടിച്ചതായി ശ്രീ. സോമശേഖരൻ നായർ 29-10-2001-ൽ നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തി കേസ് ചാർജ്ജ് ചെയ്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ കേസ് എന്നത്തേക്ക് ചാർജ് ചെയ്യുമെന്ന് പറയാമോ;

(എഫ്) ഈ കേസിലും മുകളിൽ പറഞ്ഞ പോലീസ് ജീവനക്കാരൻ പ്രതിയാണോ;

(ജി) പ്രസ്തുത പുരയിടത്തിൽ അതേ കക്ഷികൾ തന്നെ 20-2-2003-ൽ തേങ്ങ മോഷണം നടത്തിയതായി ശ്രീ. സോമശേഖരൻ നായരിൽ നിന്നും ഏതെല്ലാം പോലീസ് അധികാരസ്ഥർക്ക് പരാതി ലഭിച്ചിരുന്നു;

(എച്ച്) അതിൻമേൽ എന്തെല്ലാം അന്വേഷണം നടത്തി;

(ഐ) അതു സംബന്ധിച്ച് എഫ്. ഐ. ആർ. എടുത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജെ) പാറ മോഷ്ടിച്ചതും 20-2-2003-ൽ തേങ്ങ മോഷ്ടിച്ചതുമായ പരാതിയിൻമേലുള്ള കേസ് എന്നേയ്ക്ക് ചാർജ് ചെയ്യും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ഫോർട്ട് പോലീസ് സ്റ്റേഷനിലെ ക്രൈം 98/2001-ാം നമ്പർ കേസിന്റെ ചാർജ് ഷീറ്റ് 8-5-2001-ന് ബഹു. തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 2 മുൻപാകെ ഹാജരാക്കിയിട്ടുള്ളതും ടി കേസ് സി. സി. 232/01 നമ്പരായി കോടതിയിൽ വിചാരണ നടന്നുവരികയാണ്. സി. ഡബ്ല്യു. 2, സി. ഡബ്ല്യു. 3 എന്നിവരെ 25-7-2005-ൽ വിസ്തരിക്കുന്നതിലേക്കായി കേസ് പോസ്റ്റ് ചെയ്തിരിക്കുകയാണ്.

(ബി) ഈ കേസിലെ പ്രതികൾ

1. നാണുക്കുട്ടൻ
2. സണ്ണി
3. രാഘവൻ നായർ
4. രാജേഷ്
5. മാധവൻനായർ
6. ശരത്ചന്ദ്രൻ നായർ എന്നിവരാണ്. ഇവരാരും തന്നെ പോലീസ് ഉദ്യോഗസ്ഥരല്ല.

(സി) ബാധകമല്ല.

(ഡി) എതിർകക്ഷികൾ മോഷണം ചെയ്തു എന്ന് അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഈ പരാതിയെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(എഫ്) പാറ മോഷ്ടിച്ചുവെന്നുള്ള പരാതിയിൽ 7-ാം എതിർകക്ഷിയായ രവീന്ദ്രൻ നായർ പോലീസ് ഉദ്യോഗസ്ഥനാണ്. ഇതിലേക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാകുന്നു.

(ജി) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർ, ഫോർട്ട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർക്ക് പരാതി ലഭിച്ചിരുന്നു.

(എച്ച്) സോമശേഖരൻ നായരും എതിർകക്ഷികളുമായി അവകാശ തർക്കവും സിവിൽ കേസുകളും നിലവിലുള്ള വസ്തുവിൽ നിന്ന് എതിർ കക്ഷികൾ തേങ്ങാ മോഷണം ചെയ്തു എടുത്തുവോ എന്ന് സ്ഥലത്തും പരിസരത്തും അന്വേഷണം നടത്തിയിരുന്നു.

(ഐ) എതിർ കക്ഷികൾ തേങ്ങാ മോഷണം ചെയ്തു എടുത്തതായി വെളിവായിട്ടില്ലാത്തതിനാലും ബന്ധുക്കളായ ഇരുകക്ഷികളും തമ്മിൽ വസ്തുവിന്റെ അവകാശ തർക്കം സംബന്ധിച്ച് സിവിൽ കേസ് നടന്നു വരുന്നതുകൊണ്ടും ടി പരാതിയിൻമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാകുന്നു.

(ജെ) മേൽപ്പറഞ്ഞ പരാതികളിൻമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

GPM. 2/542/2012.—22

LIBRARY ARCHIVES Kerala Legislative Assembly